LIBRARY ARCHIVES Kerala Legislative Assembly

വിദേശ നിക്ഷേപകർ സ്ഥാപിക്കുന്ന ഫാഷൻ വില്ലേജ്

9 [*238] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, വർക്കല കഹാർ :

ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. എം. എ. കുട്ടപ്പൻ :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശ നിക്ഷേപകർ ഒരു ഫാഷൻ വില്ലേജ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അത് എവിടെ എന്ന് വ്യക്തമാക്കുമോ;

(സി അതിനുവേണ്ടി എത്ര തുക നിക്ഷേപിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത ഫാഷൻ വില്ലേജിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) കെ. എസ്. ഐ. ഡി. സി. ഇറ്റാലിയൻ നിക്ഷേപകരുമായി സഹകരിച്ചുകൊണ്ട് ഒരു ഫാഷൻ വില്ലേജ് സ്ഥാപിക്കാനുള്ള നിർദ്ദേശം സജീവ പരിഗണനയിലാണ്.

(ബി) എറണാകുളം ജില്ലയിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഏകദേശം 450 കോടി രൂപ നിക്ഷേപം വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 4000 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ബസ്സുകളിലെ വിൻഡോ ഗ്ലാസ്സുകൾ

10 [*239] ശ്രീ. റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെക് ബസ്സുകളിൽ വിൻഡോ ഗ്ലാസ്സുകൾക്കുപകരം നാകപ്പാളികൾ തറച്ച് ഓടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സൃഷ്ടിക്കുന്ന അസൗകര്യം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം അസൗകര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) വേണ്ടത്ര വായുസഞ്ചാരം ലഭിക്കുന്നവിധം സൈഡുഗ്ലാസ്സുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതി ലഭിച്ചിട്ടില്ല.

(സി) പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

പുതിയ വ്യവസായ സംരംഭങ്ങൾ ഗ്രാമങ്ങളിലാരംഭിക്കാൻ നടപടി

11 [*240] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിക്കുന്ന വ്യവസായ ഐ. ടി. സംരംഭങ്ങൾ നഗരങ്ങളിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാരിന്റെ വൻ സംരംഭങ്ങൾ ആരംഭിക്കുന്നതിൽനിന്ന് ഗ്രാമങ്ങളെ ഒഴിവാക്കുന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(സി ഇല്ലെങ്കിൽ പുതുതായി വ്യവസായ ഐ. ടി. മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ ഗ്രാമപ്രദേശങ്ങളെക്കൂടി പരിഗണിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ, ബി) കെ. എസ്. ഐ. ഡി. സി. നടപ്പാക്കി വരുന്ന വ്യവസായ വളർച്ചാ കേന്ദ്രങ്ങളും കിൻഫ്ര മുഖേന സ്ഥാപിച്ചുവരുന്ന വ്യവസായ പാർക്കുകളും ഗ്രാമങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. മലബാർ സിമന്റ്സിന്റെ ഒരു പുതിയ യൂണിറ്റ് ചേർത്തലയിലെ ഗ്രാമ പ്രദേശത്താണ് സ്ഥാപിതമായിരിക്കുന്നത്. എന്നാൽ സ്വകാര്യ വ്യവസായ സംരംഭകരുടെ ഇഷ്ടമനുസരിച്ചാണ് മിക്കപ്പോഴും അവർ സ്ഥലം നിശ്ചയിക്കുന്നത്. വിവര സാങ്കേതിക വിദ്യാധിഷ്ഠിത പദ്ധതിയായ 'അക്ഷയ' മലപ്പുറം ജില്ലയിലെ ഗ്രാമങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളത്. ഗ്രാമങ്ങളെ ഒഴിവാക്കുന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല.

(സി) ഗ്രാമ പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇതുവഴി സ്വകാര്യ സംരംഭകർ കൂടുതലായി ഗ്രാമപ്രദേശങ്ങളിൽ വ്യവസായ, ഐ. ടി. സ്ഥാപനങ്ങൾ സ്ഥാപിക്കും എന്ന് പ്രതീക്ഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly